"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവന നിർമ്മാണ വകുപ്പ് - കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് - ദുർബല വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക എഴുതി തള്ളിയ വകയിൽ ബോർഡിന് നൽകുവാൻ ശേഷിക്കുന്ന തുകയിൽ അഞ്ച് കോടി രൂപ റിലീസ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.66/2024/HSG തീയതി,തിരുവനന്തപുരം, 05-12-2024

---

പരാമർശം:-

1. 24.08.2020 ലെ സ.ഉ.(സാധാ)നം.26/2020/ഭവനം
2. 07.05.2021 ലെ സ.ഉ.(സാധാ)നം.21/2021/ഭവനം
3. 06.12.2022 ലെ സ.ഉ.(സാധാ)നം.94/2022/ഭവനം
4. 23.01.2023 ലെ സ.ഉ.(സാധാ)നം.7/2023/ഭവനം
5. 03.03.2023 ലെ സ.ഉ.(സാധാ)നം.15/2023/ഭവനം
6. 29.04.2023 ലെ സ.ഉ.(സാധാ)നം.32/2023/ഭവനം
7. 22.05.2023 ലെ സ.ഉ.(സാധാ)നം.34/2023/ഭവനം
8. 22.06.2023 ലെ സ.ഉ.(സാധാ)നം.47/2023/ഭവനം
9. 12.01.2024 ലെ സ.ഉ.(സാധാ)നം.3/2024/ഭവനം
10. 07.05.2024 ലെ സ.ഉ.(സാധാ)നം.20/2024/ഭവനം
11. 19.06.2024 ലെ സ.ഉ.(സാധാ)നം.43/2024/ഭവനം
12. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 20.07.2024-ലെ KSHB-HO/358/2024-CAO നമ്പർ കത്ത്
13. 29.11.2024-ലെ സ.ഉ.(സാധാ)നം.8826/2024/ധന

**ഉത്തരവ്**

ദുർബല വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക എഴുതി തള്ളിയ വകയിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് നൽകേണ്ടിയിരുന്ന 283.16 കോടി രൂപയിൽ നിന്നും പരാമർശം (1) മുതൽ (11) വരെ ഉത്തരവുകൾ പ്രകാരം 92.84 കോടി രൂപ റിലീസ് ചെയ്ത് ഉത്തരവായിട്ടുണ്ട്. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ബാക്കി നൽകാൻ ശേഷിക്കുന്ന തുകയിൽ നിന്നും, ബോർഡിലെ പെൻഷണേഴ്സിനുള്ള പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലേയ്ക്കായി 22.93 കോടി രൂപ അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (12) പ്രകാരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (13) ഉത്തരവ് പ്രകാരം അധികധനാനുമതി ആയി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, ദുർബല വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക എഴുതി തള്ളിയ വകയിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് അനുവദിക്കുവാൻ ശേഷിക്കുന്ന 190.32 കോടി രൂപയിൽ 5,00,00,000/- രൂപ (അഞ്ച് കോടി രൂപ മാത്രം) 2216-80-103-99-01-36(NP) എന്ന ശീർഷകത്തിൽ നിന്നും ചുവടെ ചേർക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്കും, നടപ്പ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ടി തുക ക്രമീകരിക്കാൻ ഭവനനിർമ്മാണ ബോർഡ് സമയബന്ധിതമായി നടപടികൾ സ്വീകരിക്കണമെന്ന വ്യവസ്ഥയ്ക്കും വിധേയമായി റിലീസ് ചെയ്ത് ഉത്തരവാകുന്നു

i. പ്രസ്തുത തുക ട്രഷറി STSB അക്കൗണ്ടിൽ (non interest bearing) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിയ്ക്കുവാൻ പാടില്ല.
ii. 29/08/2009 ലെ 75/2009/ധന നമ്പർ സർക്കുലറിലേയും 09/12/2008-ലെ 84/2008/ധന നമ്പർ സർക്കുലറിലേയും വ്യവസ്ഥകൾ കൃത്യമായി പാലിയ്ക്കേണ്ടതാണ്.
iii. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020 ലെ സ.ഉ.(കൈ)നം.4/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് സർക്കാരിൽ സമർപ്പിയ്ക്കേണ്ടതാണ്.
iv. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാഗേഷ്.ഡി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(PU-C3/177/2023-FIN dated: 04.12.2024)
സംസ്ഥാന ആഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 05-12-2024 15:35:20